കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എഴുകോൺ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി- 6/1484/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –25/10/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എഴുകോൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എഴുകോൺ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2016 – 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ഖണ്ഡികയിലേയ്ക്കും, ഭാഗം 3ലെ 3-1, 3-2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ

പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി.6/1484/18 തീയതി:25 /10/2018

## കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ

## 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.07.2017 മുതൽ 30.6.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സജി.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.07.18 മുതൽ<br>30.7.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജി.സിന്ധു, ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ)(26.7.2018 വരെ) |
| | ശ്രീമതി.സിജാറാണി എസ്സ്,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു.കെ.നായർ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുബി.എസ്, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. അനു.കെ.ആനന്ദ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശ്രീലത | 1-4-2017 മുതൽ<br>26-02-2018 വരെ |
| | ശ്രീ.രതീഷ് കുമാർ. ആർ.എസ് | 26-02-2018മുതൽ<br>22-03-2018 വരെ |
| | ശ്രീമതി.അംബികാ സുരേന്ദ്രൻ | 22-03-2018മുതൽ<br>31-03-2018 വരെ |
| സെക്രട്ടറി | ശ്രീമതി.ജിജിമോൾ അലക്സ് | 1-4-2017മുതൽ<br>31-03-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുനിൽകുമാർ | 1-4-2017 മുതൽ 06-06-2017 വരെ |
| | ശ്രീമതി.രാജലക്ഷ്മി പിള്ള | 07-06-2017 മുതൽ 28-02-2018 വരെ |
| | ശ്രീമതി.ബിന്ദു.ജെ (ഹെഡ്ക്ലാർക്ക് ഇൻ ചാർജ്ജ്) | 29-2-18 മുതൽ 4-3-2018 വരെ |
| | ശ്രീ.ജോൺ | 05-03-2018 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സന്ധ്യ.വി.എസ് | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.അനൂപ്.ഒ | 1-4-2017 മുതൽ 03-12-2017 വരെ |
| | ഡോ.ഡാലി.എസ്സ് | 04-12-2017 മുതൽ 05-01-2018 |

| | | |
|---|---|---|
| | | വരെ |
| | ഡോ.അന്നൂപ്.ഒ | 05-01-2018 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സൂസൻ ബ്രൂണോ | 1-4-2017മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.സജി.കെ.വി | 1-4-2017 മുതൽ 31-3-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ശിവപ്രസാദ് | 1-4-2017 മുതൽ 31-05-2017 വരെ |
| | ഡോ.ദീപാ ഗോപിനാഥ് | 01-06-2017 മുതൽ 31-03-2018 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.നൗഫിയ | 1-4-2017മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശ്രീകുമാരി.കെ | 1-4-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ | ശ്രീമതി.ഷീനാഫിലിപ്പ് | 1-4-2017 മുതൽ |

| | | |
|---|---|---|
| | | 31-3-2018 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി ഷീലാ.വി.പണിക്കർ | 1-4-2017 മുതൽ 30-04-2017 വരെ |
| | ശ്രീമതി.എം.ആർ രാജലക്ഷ്മി | 1-5-2017 മുതൽ 31-3-2018 വരെ |

# ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | കടമുറികളുടെ വാടക ഒടുക്കുവരുത്തിയിട്ടില്ല | 2-1 |
| | ഭാഗം 3 | |
| 14 | ക്രമപ്രകാരമല്ലാതെ ടെണ്ടർ നടത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-1 |
| 15 | വ്യാജസാക്ഷ്യപ്പെടുത്തൽ നടത്തി ഇല്ലാത്ത എൽ.ഇ.ഡി ലാമ്പുകൾക്കും വില നൽകി - നിരാകരിച്ച തുക - 2,41,222/-രൂപ ഓഡിറ്റിൽ കണ്ടെത്തിയപ്പോൾ തിരിച്ചടച്ചു. | 3-2 |
| 16 | പച്ചകറിതൈ വിതരണം -ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് വേണ്ടി പദ്ധതി പണം ചെലവഴിച്ചു | 3-3 |
| 17 | ഗുണഭോക്തൃലിസ്റ്റിൽ ഉള്ളവരെകാൾ കൂടുതൽ കശുമാവ് തൈ വാങ്ങാൻ തുക നൽകി | 3-4 |
| 18 | വിനിയോഗ സാക്ഷ്യപത്രമില്ല | 3-5 |
| 19 | ഗ്രീൻ ഹൗസ് കെട്ടിടത്തെ സ്റ്റോർ റൂം ആക്കി മാറ്റി | 3-6 |

| | | |
|---|---|---|
| 20 | കറ്റകെട്ടിൽ കുന്നവിള ഗുരുദേവ റോഡ് കോൺക്രീറ്റിംഗ്-റീ കോൺക്രീറ്റിംഗ് , സൈഡ്കെട്ട്-അപാകതകൾ | 3-7 |
| 21 | പ്രോജക്ടുകൾ പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 3-8 |
| 22 | ഗുണഭോക്തൃവിഹിതം ഉൾപ്പെടെയുള്ള തുകവികസന ഫണ്ടിൽ നിന്നും വകയിരുത്തി പദ്ധതി നടപ്പിലാക്കി | 3-9 |
| 23 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം-അർഹതപ്പെട്ട ആനുകൂല്യം നൽകിയില്ല | 3-10 |
| 24 | വികലാംഗർക്ക് സൈഡ് വീൽ സ്കൂട്ടർ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-11 |
| 25 | മോട്ടോർ മാറ്റി സ്ഥാപിക്കൽ-നടപടി ക്രമപ്രകാരമല്ല | 3-12 |
| | ഭാഗം 4 | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 33 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 34 | നഷ്ടത്തിനുത്തരവാദികളുടെ മേൽവിലാസം | 4-9 |
| 35 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 36 | അനുബന്ധം1-ഓഡിറ്റ് സാക്ഷ്യപത്രം | |
| 37 | അനുബന്ധം2- | |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.3.2017 ലെ 1ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 24.2.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 14.6.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.6.2018മുതൽ 23.6.2018വരെ | KSAKLM/ P6-1121/18 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -1,80,87,003

വരവ് -6,27,34,338

ആകെ -8,08,21,341

ചെലവ് -7,04,65,041

നീക്കിയിരിപ്പ്-1,03,56,300

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 0 | 15760972 | 15760972 | 12352787 | 3408185 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 10276000 | 10276000 | 6655263 | 3620737 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 9577003 | 9577003 | 6276121 | 3300882 |
| മെയിന്റനൻസ്, നോൺ- റോഡ് (ACR പ്രകാരം) | | 0 | 3947380 | 3947380 | 2700872 | 1246508 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9579230 | 9579230 | 5308515 | 4270715 |
| കെ.എൽ.എസ്.ജി. ഡി.പി (ACR പ്രകാരം) | | 0 | 3159027 | 3159027 | 3027917 | 131110 |
| സാക്ഷരത | | 3978 | 68989 | 72967 | 18 | 72949 |
| ദുരിതാശ്വാസനിധി | | 14078 | 570 | 14648 | 0 | 14648 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 24034254 | 24034254 | 24034254 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1603 | 1088285 | 1089888 | 1086953 | 2935 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ICDS CENTRAL | | 341247 | 786813 | 1128060 | 257252 | 870808 |

| | | | | | | |
|---|---|---|---|---|---|---|
| SHARE | | | | | | |
| SSA | | 508237 | 20563 | 528800 | 30 | 528770 |
| സമ്പൂർണ്ണ ശുചിത്വം | | 541397 | 209102 | 750499 | 0 | 750499 |
| നിർമ്മൽ | | 131357 | 90324 | 221681 | 0 | 221681 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1830458 | 1830458 | 1830458 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 394750 | 394750 | 394750 | 0 |
| ബി ഫണ്ട് | | 0 | 73080 | 73080 | 73080 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 13372055 | 49536974 | 62909029 | 55628859 | 7280170 |
| | ട്രഷറി അക്കൗണ്ട് | 3037306 | 8635000 | 11672306 | 11058466 | 613840 |
| മറ്റിനം (ക്യാഷ്) | | 135745 | 0 | 135745 | 135745 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 69994373 | 203 | 43485878 | 34 | 25 | 74 |

### പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1603 | 1088285 | 1089888 | 1086953 | 2935 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24034254 | 24034254 | 24034254 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 73,080 | 151 |
| കർഷകതൊഴിലാളി പെൻഷൻ | 15,49,700 | 142 |
| വിധവാപെൻഷൻ | 1,04,19,300 | 1219 |
| വാർദ്ധക്യകാലപെൻഷൻ | 1,99,70,700 | 1946 |
| വികലാംഗപെൻഷൻ | 30,85,800 | 287 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 0 | 0 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള ധനസഹായം | 3,72,800 | 45 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-07-2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 339/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജനപ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 156(4) ബി പ്രകാരം പഞ്ചായത്ത് ജീവനക്കാരുടെ നിയന്ത്രണം പ്രസിഡണ്ട്/വൈസ് പ്രസിഡണ്ടിൽ നിക്ഷിപ്തമായതിനാലും ഭരണസമിതി അംഗങ്ങൾക്ക് വകുപ്പ് 158(1) പ്രകാരം ഭരണാധികാരത്തിൽപ്പെടുന്ന കാര്യങ്ങൾ പ്രസിഡന്റിനോട് ചോദിക്കാൻ അവകാശമുള്ളതിനാലും പ്രസിഡന്റ് ഒഴികെയുള്ള കമ്മിറ്റി അംഗങ്ങൾ ഓഫീസ് മീറ്റിംഗുകളിൽ പങ്കെടുക്കുന്നത് അഭികാമ്യമല്ല. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ടെങ്കിലും അക്കൗണ്ട്ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗികബുദ്ധിമുട്ട് നേരിടുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. എന്നാൽ വാങ്ങലുകൾ ക്രമപ്രകാരമല്ല നടത്തിവരുന്നത്. ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം വ്യക്തമായ കാരണം കൂടാതെ റീടെണ്ടർ നടത്തുകയും അതുവഴി പഞ്ചായത്തിന്

അധികബാദ്ധ്യത വരുത്തുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും പഞ്ചായത്ത് കമ്മിറ്റിയും അവരവരുടെ കർത്തവ്യങ്ങൾ നിർവ്വഹിച്ചതായി ബോദ്ധ്യപ്പെട്ടിട്ടില്ല. സ്റ്റോക്ക് പരിശോധന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റിപ്ലാൻ , സോഷ്യൽമാപ്പ് ഇവ കാലികമല്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ ആഭ്യന്തരനിയന്ത്രണസംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/06/2018 | 04/18,05/18 | 26/06/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26/02/15 | 2007-08 മുതൽ 2013-14 വരെ | 29/04/15 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1.വാടക വരവ് - തൻവർഷ വരവ് രജിസ്റ്റർ പ്രകാരം 7,93,928/-രൂപയും എ.എഫ്.എസ് പ്രകാരം 1,57,611/-രൂപയുമാണ്. ബാലൻസു തുകയും പൊരുത്തപ്പെടുന്നില്ല.

2.പ്രോപ്പർട്ടി ടാക്സ് - കുടിശ്ശിക/ഡിമാന്റ് കുടിശ്ശിക /തൻവർഷ കളക്ഷൻ, ബാലൻസ് , അഡ്വാൻസ് തുകകൾ , എ.എഫ്.എസ് - സഞ്ചയ സ്റ്റേറ്റ്മെന്റ് ഇവ പ്രകാരം പൊരുത്തപ്പെടുന്നില്ല.

3.ഡെപ്പോസിറ്റ് ഇനങ്ങൾ എ.എഫ്.എസ് ലേഖും യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | എ. എഫ്.എസ് പ്രകാരം വരവ് | രജിസ്റ്റർ പ്രകാരം |
|---|---|---|
| Supplied EMD | 80,050/- | 85,050/- |

ബാലൻസ് തുക എ എഫ് എസ് പ്രകാരം 73,238/-രൂപയും രജിസ്റ്റർ പ്രകാരം 78,235/-രൂപയുമാണ്.

4. ബാലൻസ് ഷീറ്റ് ബി9-ഷെഡ്യൂളിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | എ എഫ് എസിലെ തുക (രൂപ) | യഥാർത്ഥ ലയബിലിറ്റി |
|---|---|---|---|
| 1 | Net Salary Payable | 4,21,886 | 3,48,543 |
| 2 | Pension Contribution Payable | 67,300 | 57,541 |
| 3 | GPF | 29,100 | 27,100 |
| 4 | SLI | 5,350 | 5,150 |
| 5 | GIS | 6,400 | 5,600 |
| 6 | Recoveries to other Panchayat | 27,000 | 12,000 |

5. ബി14-ഷെഡ്യൂൾ- സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

6. എസ്.എസ്.എ പലിശ വരവ് അതേ ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. ബാലൻസ്ഷീറ്റ് ബി18 ഷെഡ്യൂൾ 460500201-ൽ പ്രോജക്ട് 79/18 (1,78,947), 241/18 (1,00,000) പ്രകാരമുള്ള ചെലവുകൾ ഉൾപ്പെട്ടിട്ടില്ല.

8. 460500202 എന്ന ഹെഡിൽ പ്രോജക്ട് നം.145/18 (4,98,476) പ്രകാരമുള്ള ചെലവ് 4,98,476/- രൂപ ഉൾപ്പെടുത്തിയിട്ടില്ല.

9. ബി18-ഷെഡ്യൂളിൽ നിലനിന്നിരുന്ന മുന്നിരിപ്പ് തുകകൾ ആസ്തിയായ മുറയ്ക്ക് കുറവു വരുത്തി ആസ്തിയിൽ വക മാറ്റിയിട്ടില്ല.

10.2016-17 വർഷം ബ്ലോക്ക് ഷെയർ (പാലിയേറ്റീവ്) ലഭിച്ച 1,20,000/-രൂപ സ്പെഷ്യൽ റ്റി.എസ്.ബി -ൽ വരവ് വന്ന തുക തെറ്റായി ചെലവ് രേഖപ്പെടുത്തി. ആയതിനാൽ നീക്കിയിരിപ്പ് 320700204 എന്ന ഹെഡിൽ ഉൾപ്പെട്ടിട്ടില്ല.

11. തൻവർഷ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ വകയിരുത്തിയ 79,73,017/-രൂപയിൽ 23,22,046/-രൂപ മാത്രമാണ് ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ചത്. ആസ്തി സൃഷ്ടിക്കുന്നതിൽ ഫണ്ട് വിനിയോഗം ഫലപ്രദമല്ലെന്ന് കാണുന്നു.

12. പിരിഞ്ഞ് കിട്ടാൻ ശേഷിക്കുന്ന തുകകൾക്ക് I-16 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കടമുറികളുടെ വാടക ഒടുക്കുവരുത്തിയിട്ടില്ല

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക ഒടുക്കാതെ കുടിശ്ശിക വരുത്തിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | കുടിശ്ശിക വരുത്തിയ ആളുടെ പേര് | റൂം നമ്പർ | പ്രതിമാസ വാടക | കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | കെ.എൻ ശിശുപാലൻ<br>കെട്ടിടത്തിൽ വീട് | 6 | 4300 | 2015-16 മുതൽ<br>(അഡ്വാൻസ് 3000/-) | 1,51,800 |
| 2 | പവനൻ | 8 | 573 | 08/2016 മുതൽ 03/17 വരെ | 4,584 |

| | | | | | |
|---|---|---|---|---|---|
| | ചരുവിള വീട് | | 856 | 04/17 മുതൽ 03/18 വരെ | 10,272 |
| 3 | അബ്ദുൾ സലാം പ്ലാവിള തെക്കതിൽ | 15 | 614 | 04/17 മുതൽ 03/18 വരെ | 7368 |
| 4 | പ്രദീപ് കൃഷ്ണ മുല്ലവേലിൽ | 21 | 614 | 04/17 മുതൽ 03/18 വരെ | 7368 |
| 5 | | 30 | മുൻസിഫ് കോടതി വ്യവഹാരം | | |
| 6 | ശശിധരൻ മണ്ണാത്തുവിള | 33 | 1545 | 01/18 മുതൽ 03/18 വരെ | 4635 |
| 7 | സീബ പ്ലാങ്കാല | 37 | 1459 | 04/17 മുതൽ 03/18 വരെ | 17508 |
| 8 | സീബ പ്ലാങ്കാല | 38 | 2176 | 04/17 മുതൽ 03/18 വരെ | 26112 |
| 9 | സുദർശനൻ മുതിരവിള | 39 | 2015-16 ൽ1720/- 2016-17 ൽ1840 | 2015-16 ൽ5160/-രൂപയും 2016-17ൽ10000/-രൂപയും അടവാക്കിയിട്ടുണ്ട് | 27,560 |
| | | | 1970 | 04/17 മുതൽ 03/18 വരെ | 23640 |
| 10 | പ്രസിഡന്റ് എസ്.സി.ബി | 41 | 2957 | 03/18 | 2957 |
| 11 | രാജേഷ് കുമാർ പാലവിള | 42 | 617 | 01/18 മുതൽ 03/18 വരെ | 1851 |
| 12 | പി.ഡബ്ല്യു.ഡി കാര്യാലയം | 49 | വാടക കുടിശ്ശിക സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തിയിട്ടില്ല | | |
| 13 | സർക്കിൾ ഇൻസ്പെക്ടർ എഴുകോൺ | 50 | 1802 | 4/2016 മുതൽ | 43,248 |
| 14 | സബ് രജിസ്ട്രാർ ഓഫിസ് | | 2785 | 4/2016 മുതൽ | 66,840 |
| 15 | പ്രസിഡന്റ് എസ്.സി.ബി | New Stall No.1 | 6696 | 03/18 | 6690 |

| | |
|---|---|
| ആകെ | 402433 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വാടകകുടിശ്ശിക സർവ്വീസ് ചാർജ്ജുൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മേൽപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം വർഷങ്ങളായി കുടിശ്ശികയുണ്ടെങ്കിലും ഈ വിഷയം ചർച്ചചെയ്ത് യഥാസമയം ഉചിതമായ നടപടികൾ കൈക്കൊള്ളാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി നിർദ്ദേശങ്ങൾ രൂപീകരിച്ചിട്ടില്ല. കാലാകാലങ്ങളിൽ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരും യഥാസമയം നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഇത്തരത്തിലുള്ള വീഴ്ചകൾ മൂലം വാടക വരവിനത്തിൽ നഷ്ടമുണ്ടാകുന്ന പക്ഷം അതാത് സമയത്ത് ഉത്തരവാദിയായിരുന്ന ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടം ഈടാക്കേണ്ടതാണ്. വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 5/27.07.2018

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ക്രമപ്രകാരമല്ലാതെ ടെണ്ടർ നടത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

വസ്തുതാപരമല്ലാത്ത കാരണങ്ങൾ രേഖപ്പെടുത്തി ടെണ്ടർ നിരസിച്ച ശേഷം ആദ്യ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനത്തിന് കൂടിയ നിരക്കിൽ ടെണ്ടർ ഏല്പിച്ചു നൽകിയതുമൂലവും റീടെണ്ടറിൽ തന്നെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി കൂടിയ നിരക്കിൽ സാധനങ്ങൾ വാങ്ങുകയും ചെയ്തതുമൂലം പഞ്ചായത്തിന് നഷ്ടമുണ്ടായി.

2017-18 വർഷം ഗ്രാമപഞ്ചായത്തിൽ നടത്തിയ വാങ്ങലുകൾ ക്രമപ്രകാരമല്ലാത്തതുമൂലം പഞ്ചായത്തിന് നഷ്ടമുണ്ടായി . വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകൾക്കായി സെക്രട്ടറി ടെണ്ടർ ക്ഷണിച്ച് ടെണ്ടർ നടപടികൾ പൂർത്തിയായശേഷം വ്യക്തമായ കാരണം കൂടാതെ ടെണ്ടർ നിരസിക്കുകയും റീടെണ്ടർ ചെയ്ത് ആദ്യടെണ്ടറിൽ

പങ്കെടുത്ത സ്ഥാപനത്തിന് തന്നെയോ പുതുതായി റീടെണ്ടറിൽ പങ്കെടുത്ത സ്ഥാപനത്തിനോ കൂടിയ നിരക്കിൽ ഏല്പിച്ചു നൽകുകയും ചെയ്തിരിക്കുന്നു. ആദ്യടെണ്ടർ നിരസിക്കാനുള്ള കാരണമായി രേഖപ്പെടുത്തിയതിന്റെ വിശദാംശം പരിശോധിച്ചതിൽ ആയവയിൽ പലതും വസ്തുതാവിരുദ്ധമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിവരം | ആദ്യ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ | നിരക്ക് | റീടെണ്ടർ പ്രകാരം വാങ്ങൽ നടത്തിയ സ്ഥാപനങ്ങൾ | നിരക്ക് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | വൃദ്ധർക്ക് കട്ടിൽ ,141/17 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | തമ്പുരാൻ കാലയിൽ ട്രേഡ്ലിംഗ്സ് | മഹാഗണി -3569 | തമ്പുരാൻകാലയിൽ ട്രേഡ്ലിംഗ്സ് | മഹാഗണി -3945 | തമ്പുരാൻകാലയിൽ എന്ന സ്ഥാപനം ടെണ്ടറിൽ EMD ഒഴിവാക്കിക്കൊണ്ടുള്ള സാധനങ്ങളുടെ പേര് ഉൾപ്പെടുത്തിയിട്ടില്ല എന്നും അബ്ദുൾ റഹ്മാൻ ടെണ്ടർ ഷെഡ്യൂളിൽ 57 കട്ടിലിനുള്ള തുക ഒന്നായി 253500 /- കാണിച്ചിരിക്കുന്നു എന്നുമാണ് ടെണ്ടർ നിരസിക്കാനുള്ള കാരണമായി പഞ്ചായത്ത് കമ്മറ്റി 6-10-17ലെ തീരുമാനം 1 ൽ വ്യക്തമാക്കി യിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ തമ്പുരാൻ കാലയിൽ എന്ന സ്ഥാപനം KL11A0000111 നമ്പരായി ചെറുകിട വ്യവസായ യൂണിറ്റായി (തടികൊണ്ടുള്ള ഫർണിച്ചർ നിർമ്മാണം ) രജിസ്ററർ ചെയ്തിട്ടുള്ളതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അബ്ദുൾ റഹ്മാന്റെ ടെണ്ടർ നിരസിക്കാനുള്ള കാരണം തികച്ചും വസ്തുതാപരമല്ല. വ്യക്തമായ കാരണം കൂടാതെ ലഭ്യമായ ടെണ്ടർ നിരസിക്കുകയും റീടെണ്ടറിൽ കൂടിയ നിരക്കിൽ ആദ്യടെണ്ടറിൽ പങ്കെടുത്ത സ്ഥാപനത്തിന് തന്നെ ഏല്പിച്ചുനൽകുകയും ചെയ്തത്ക്രമപ്രകാമല്ല. |
| | | | നൗഷാദ്,ചാങ്ങുർതൊടിയിൽ വീട് | 4700 | | | |
| | | | അബ്ദുൾ റഹ്മാൻ,ചാങ്ങുർതൊടിയിൽ വീട് | 4447 | | | |
| 2 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ | സെക്രട്ടറി | ഹൈപ്പർടെക് | 54674/- | ഓർബിറ്റ് | 58000 | ഹൈപ്പർടെക്ക് എന്ന സ്ഥാപനം ഇ.എം.ഡി ഒഴിവാക്കിയെന്നുള്ളതിന് സ്വയം സാക്ഷ്യപ്പെടുത്തിയ രേഖയാണ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഉപകരണങ്ങളും, (135/18) | | F1 സൊല്യൂഷൻ | 56860/- | | | ഹാജരാക്കിയതെന്നുള്ള കാരണം കാണിച്ചാണ്പഞ്ചായത്ത് കമ്മറ്റി 6-10-17ലെ തീരുമാനം 1 പ്രകാരം റീടെണ്ടറിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ സ്ഥാപനം സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടൊപ്പം ആവശ്യമായ മറ്റ് രേഖകളും ഉൾക്കൊള്ളിച്ചിരുന്നു. ആയതിനാൽ റീടെണ്ടർ ചെയ്തതിലൂടെ ഗ്രാമപഞ്ചായത്തിന് അധികബാദ്ധ്യത വരുത്തി. |
| | | | മലബാർ | Rate രേഖപ്പെടുത്തിയിട്ടില്ല | | | |
| 3 | അംഗൻവാടിയ്ക്ക് ഫർണിച്ചർ വാങ്ങൽ, 94/18 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | തമ്പുരാൻ കാലയിൽ ട്രേഡ്ലിംഗ്സ് | സ്റ്റീൽടേബിൾ-22 G-2290/- | ശബരിസ്റ്റീൽ ഫർണച്ചർ | 1939/- | തമ്പുരാൻകാലയിൽ എന്ന സ്ഥാപനം ടെണ്ടറിൽ EMD ഒഴിവാക്കിക്കൊണ്ടുള്ള സാധനങ്ങളുടെ പേര് ഉൾപ്പെടുത്തിയിട്ടില്ല എന്നും പ്ലാസാ എന്ന സ്ഥാപനം സ്പെസിഫിക്കേഷനിൽ അപാകത കാണിച്ചെന്നുമാണ് ടെണ്ടർ നിരസിക്കാനുള്ള കാരണമായി പഞ്ചായത്ത് കമ്മറ്റി 6-10-17ലെ തീരുമാനം 1 ൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ തമ്പുരാൻകാലയിൽ എന്ന സ്ഥാപനം 32012114711Part1നമ്പരായി ചെറുകിട വ്യവസായ യൂണിറ്റായി(സ്റ്റീൽ കൊണ്ടുള്ള ഫർണിച്ചർ നിർമ്മാണം) രജിസ്ററർ ചെയ്തിട്ടുള്ളതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്ലാസയുടെ ടെണ്ടർ നിരസിക്കാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. |
| | | | പ്ലാസാ എന്റർപ്രൈസസ്, കലഞ്ഞൂർ | 2220 | | | |
| | | | കൈക്കോസ ബിസിനസ് കോർപ്പറേഷൻ, അടൂർ | 2440/- | | | |
| 4 | ഗവ.സ്കൂളുകൾക്ക് ഐ.റ്റി ഉപകരണങ്ങൾ, 158/18 | ഹെഡ് മിസ്ട്രസ്സ് | ഹൈപ്പർടെക് | കമ്പ്യൂട്ടർ(acer)-27440 ,U.P.S (I ball)-1850/- | ഹൈപ്പർടെക്- | കമ്പ്യൂട്ടർ(acer)-24650,U.P.S( Zebronocs-)-1650/- | ഹൈപ്പർടെക്ക് എന്ന സ്ഥാപനം ഇ.എം.ഡി ഒഴിവാക്കിയെന്നുള്ളതിന് സ്വയം സാക്ഷ്യപ്പെടുത്തിയ രേഖയാണ് ഹാജരാക്കിയതെന്നും മത്സരസ്വഭാവമുള്ള ടെണ്ടർ നടപടിയ്ക്കായി ഏക ടെണ്ടർ മാത്രം അവശേഷിക്കുന്നുള്ളൂ എന്നുമുള്ള കാരണം കാണിച്ചാണ്പഞ്ചായത്ത് കമ്മറ്റി 6-10-17ലെ തീരുമാനം 1 പ്രകാരം റീടെണ്ടറിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ സ്ഥാപനം സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടൊപ്പം ആവശ്യമായ മറ്റ് രേഖകളും ഉൾക്കൊള്ളിച്ചിരുന്നു. ആയതിനാൽ റീടെണ്ടർ ചെയ്തതിലൂടെ ഗ്രാമപഞ്ചായത്തിന് അധികബാദ്ധ്യത വരുത്തി. കൂടാതെ റീടെണ്ടറിലും അടിസ്ഥാനരഹിതമായ മേൽ കാരണം തന്നെ കാണിച്ച് ഏറ്റവും കുറഞ്ഞ ഉക ക്വോട്ടുചെയ്ത ഹൈപ്പർടെക്കിനെ ഒഴിവാക്കി ഏറ്റവും കൂടിയ നിരക്ക് ക്വോട്ട്ചെയ്ത ഓർബിറ്റ് വയർലസ് വേൾഡ് കണ്ടറ എന്ന |
| | | | F1 സൊല്യൂഷൻസ് | കമ്പ്യൂട്ടർ(aicer) -24800/-,U.P.S(V Guard)-2390/- ,Zegronocs- 1600/- | F1സൊല്യൂഷൻസ് | കമ്പ്യൂട്ടർ(aicer)-25650/-/-,U.P.S(V Guard)-2390/-,Zebronocs- 1600/- | |
| | | | | | Orbit wireless &world | കമ്പ്യൂട്ടർ(acer)-35900/- U.P.S(VGuard)-3300/-,Zebronocs- 2000/- | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകയതുമൂലം അധികബാദ്ധ്യതയുണ്ടായി.. |
| 5 | S.C വിദ്യാർത്ഥി കൾക്ക് ലാപ്പ്ടോപ്പ് ,64/18 (സ്പിൽ ഓവർ) | അസിസ്റ്റന്റ് സെക്രട്ടറി | Hypertech | Acer -26300/- | Hypertech | acer26200 | ഹൈപ്പർടെക്ക് എന്ന സ്ഥാപനം ഇ.എം.ഡി ഒഴിവാക്കിയെന്നുള്ളതിന് സ്വയം സാക്ഷ്യപ്പെടുത്തിയ രേഖയാണ് ഹാജരാക്കിയതെന്നും മത്സരസ്വഭാവമുള്ള ടെണ്ടർ നടപടിയ്ക്കായി ഏക ടെണ്ടർ മാത്രം അവശേഷിക്കുന്നുള്ളൂ എന്നുമുള്ള കാരണം കാണിച്ചാണ്പഞ്ചായത്ത് കമ്മറ്റി 6-10-17ലെ തീരുമാനം 1 പ്രകാരം റീടെണ്ടറിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ സ്ഥാപനം സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടൊപ്പം ആവശ്യമായ മറ്റ് രേഖകളും ഉൾക്കൊള്ളിച്ചിരുന്നു. ആയതിനാൽ റീടെണ്ടർ ചെയ്യുതിലൂടെ ഗ്രാമപഞ്ചായത്തിന് അധികബാദ്ധ്യത വരുത്തി.<br><br>കൂടാതെ റീടെണ്ടറിൽ വ്യക്തമായ കാരണം കൂടാതെ ഏറ്റവും കുറഞ്ഞ തുക ക്വോട്ടുചെയ്ത ഹൈപ്പർടെക്കിനെ ഒഴിവാക്കി ഏറ്റവും കൂടിയ നിരക്ക് ക്വോട്ട്ചെയ്ത ഓർബിറ്റ് വയർലെസ് വേൾഡ്, കുണ്ടറ എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതുമൂലം അധികബാദ്ധ്യതയുണ്ടായി. |
| | | | മലബാർ എക്യുപ്പ്മെന്റ്സ് &ജനറൽ ട്രേഡേഴ്സ്, കോഴിക്കോട് | 28800/- | ഓർബിറ്റ് | Acer-26500/- | |
| 6 | S.C വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്, 144/18 | അസിസ്റ്റന്റ് സെക്രട്ടറി | Hypertech | Acer- 26300/- | Hypertech (Intel cord core) | Acer -22500/- | ഹൈപ്പർടെക്ക് എന്ന സ്ഥാപനം ഇ.എം.ഡി ഒഴിവാക്കിയെന്നുള്ളതിന് സ്വയം സാക്ഷ്യപ്പെടുത്തിയ രേഖയാണ് ഹാജരാക്കിയതെന്നും മത്സരസ്വഭാവമുള്ള ടെണ്ടർ നടപടിയ്ക്കായി ഏക ടെണ്ടർ മാത്രം അവശേഷിക്കുന്നുള്ളൂ എന്നുമുള്ള കാരണം കാണിച്ചാണ്പഞ്ചായത്ത് കമ്മറ്റി 6-10-17ലെ തീരുമാനം 1 പ്രകാരം റീടെണ്ടറിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ സ്ഥാപനം സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടൊപ്പം ആവശ്യമായ മറ്റ് രേഖകളും ഉൾക്കൊള്ളിച്ചിരുന്നു. ആയതിനാൽ റീടെണ്ടർ ചെയ്യുതിലൂടെ ഗ്രാമപഞ്ചായത്തിന് അധികബാദ്ധ്യത വരുത്തി.<br><br>കൂടാതെ റീടെണ്ടറിൽ വ്യക്തമായ കാരണം കൂടാതെ ഏറ്റവും കുറഞ്ഞ തുക ക്വോട്ടുചെയ്ത ഓർബിറ്റ് വയർലെസ് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതുമൂലം അധികബാദ്ധ്യതയുണ്ടായി. |
| | | | മലബാർ എക്യുപ്പ്മെന്റ്സ് &ജനറൽ ട്രേഡേഴ്സ്, കോഴിക്കോട് | 28800/- | ഓർബിറ്റ് | Acer-26500/- | |
| 7 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർവാങ്ങൽ ,137/18 | സെക്രട്ടറി | Hypertech | Acer Desktop -35950/-പ്രിന്റർ (Brother)12924/- | Hypertech | Acer Desktop-34200/- /-പ്രിന്റർ(CANON)11340 /-,LAP-33500/- | റീടെണ്ടറിൽ വ്യക്തമായ ഏറ്റവും കുറഞ്ഞ തുക ക്വോട്ടുചെയ്ത ഹൈപ്പർടെക്കിനെ ഒഴിവാക്കി ഏറ്റവും കൂടിയ നിരക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | | ക്വോട്ട്ചെയ്ത ഓർബിറ്റ് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതുമൂലം അധികബാദ്ധ്യതയുണ്ടായി. (സ്പെസിഫിക്കേഷൻ പ്രകാരമുള്ള ടെണ്ടറിന് അംഗീകാരം നൽകുന്ന എന്നാണ് തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ ടെണ്ടറിൽ പങ്കെടുത്ത മൂന്നസ്ഥാപനങ്ങളും ടെണ്ടർ നോട്ടീസിൽ പറഞ്ഞിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. |
| | F1 Solution | ACER<br>-39280/<br>-Printer (Canon<br>)-11300/- | F1 Solution | -ACER38950/-<br>Printer<br>(Canon)-<br>14980/-,<br>LAPTOP<br>-34890/- | |
| | | | Orbit | Acer-42000/-<br>,Canon Printer-<br>12000/-Laptop<br>acer-28990/- | |

മേൽ പ്രകാരം റീടെണ്ടർ നടപടികളിലേക്ക് പോകാനുണ്ടായതായി കാണിച്ചിട്ടുള്ള കാരണങ്ങൾ വസ്തുതാപരമല്ലാത്ത മേൽ പ്രോജക്ടുകളുടെ ടെണ്ടർ ക്ഷണിച്ചിട്ടുള്ളത് സെക്രട്ടറിയാണ്.സമർപ്പിച്ച ടെണ്ടറുകളിലും ടെണ്ടർ രജിസ്റ്ററിലും അധികാരപ്പെടുത്തിയ ആരും തന്നെ ടെണ്ടർ സ്വീകരിച്ചതിന്റെയോ തുറന്ന പരിശോധിച്ചതിന്റേയോ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വോട്ട്ചെയ്ത നിരക്കുകളുടെ താരതമ്യപഠനം പോലും നടത്താതെയാണ് പഞ്ചായത്ത് കമ്മറ്റിയിൽ സമർപ്പിച്ചതും റീടെണ്ടറിനായുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ളതും. ഇത്തരത്തിൽ ക്രമപ്രകാരമല്ലാതെ ടെണ്ടർ നടപടികൾ കൈക്കൊണ്ടതുമൂലം ഗ്രാമപഞ്ചായത്തിന് വർഷത്തെ വാങ്ങലുകളിൽ 2,41,222/-രൂപ രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രോജക്ട് വിവരങ്ങൾ | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക /ബിൽ നം | ടെണ്ടർ/ റീടെണ്ടറിൽ ലഭിച്ച കുറഞ്ഞ നിരക്ക് | വാങ്ങിയ നിരക്ക് | നഷ്ടം | അഭിപ്രായം |
|---|---|---|---|---|---|---|---|
| 1 | വൃദ്ധർക്ക് കട്ടിൽ<br>,141/17 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 303765<br>21/17-18-<br>28-03-18 | 274813<br>(3569x<br>77) | 303765<br>(3945x<br>77) | 28952 | ആദ്യ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനത്തിന് തന്നെ റീടെണ്ടറിൽ ഉയർന്ന നിരക്കിൽ പർച്ചേസ് ഓർഡർ നൽകി |
| 2 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ<br>137/18 | സെക്രട്ടറി | 160990<br>തനത്ഫണ്ട്-/-<br>(ലാപ്പ്ടോപ്പ് 1എണ്ണം-28990/-<br>ഡെസ്ക്ക്ടോപ്പ്<br>2 എണ്ണം @42000-84000/-<br>പ്രിന്റർ-4 എണ്ണം @12000/-<br>48000/- | 147260/-<br>ലാപ്പ്ടോപ്പ്-33500/-<br>ഡെസ്ക്ക്ടോപ്പ്-34200/-<br>പ്രിന്റർ-11340/- | 160990<br>തനത്ഫണ്ട്-/-<br>(ലാപ്പ്ടോപ്പ് 1എണ്ണം-28990/-<br>ഡെസ്ക്ക്ടോപ്പ്<br>2 എണ്ണം@42000-84000/-<br>പ്രിന്റർ-4 എണ്ണം@12000/-<br>48000/- | 13730 | റീടെണ്ടറിൽ വ്യക്തമായ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഹൈപ്പർടെക്കിനെ ഒഴിവാക്കി ഏറ്റവും കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങി |
| 3 | ഗവ.സ്കൂളുകള്ക്ക് ഐ.റ്റി | ഹെഡ് മിസ്ട്രസ്സ് | 303200/-5/17-18 | 210400<br>(26300x8) | 303200<br>(37900x8) | 92800 | റീടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഉപകരണങ്ങൾ, 158/18 | | 08-2-18 | | | | മതിയായ കാരണങ്ങളില്ലാതെ ഒഴിവാക്കി |
| 4 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും 135/18 | സെക്രട്ടറി | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)-159000/- തനത്ഫണ്ട്- 9000/- | 150260 ഡെസ്ക്ടോപ്പ്- 2@34200/- പ്രിന്റർ- 4@11340/- സ്കാനർ- 8@4150/- യു.പി.എസ്- 2@1650/- | 168000/-ഡെസ്ക്ടോപ്പ്- 2@40000/- പ്രിന്റർ-4@11000/- സ്കാനർ-8@5000/- യു.പി.എസ്-2@2000/- | 17740/- | റീടെണ്ടറിൽ വ്യക്തമായ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഹൈപ്പർടെക്കിനെ ഒഴിവാക്കി ഏറ്റവും കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങി |
| 5 | S.C വിദ്യാർത്ഥി കൾക്ക് ലാപ്ടോപ്പ്, 64/18 | അസിസ്റ്റന്റ് സെക്രട്ടറി | 159000/- വികസനഫണ്ട് (എസ്.സി.പി) 13/17-18/14-02-18 | 135000 (22500x6) | 26500x6= 159000 (22500x6) | 24000 | മതിയായ രേഖകളുണ്ടായിട്ടും കുറഞ്ഞ നിരക്ക് രേഖപ്പെടു ത്തിയ ഹൈപ്പർടെക് സ്ഥാപനത്തിനെ ഒഴിവാക്കി ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തി |
| 6 | എസ്.സി വിദ്യാർത്ഥി കൾക്ക് ലാപ്ടോപ്പ് 144/18 | അസിസ്റ്റന്റ് സെക്രട്ടറി | 424000/15/17-18/- 23-03-18 | 360000 (22500x16) | 424000/- (26500x16) | 64000 | മതിയായ രേഖകളുണ്ടായിട്ടും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഹൈപ്പർടെക് സ്ഥാപനത്തിനെ ഒഴിവാക്കി ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തി |
| ആകെ | | | | | | 2,41,222/- | |

വസ്തുതാപരമല്ലാത്ത കാരണങ്ങൾ ചൂണ്ടിക്കാട്ടി റീടെണ്ടർ നടപടികൾ കൈക്കൊള്ളാൻ തീരുമാനം കൈക്കൊള്ളുകയും റീടെണ്ടറിൽ തന്നെ കൂടിയ നിരക്ക് അംഗീകരിച്ച് നൽകുകയും ചെയ്തുമൂലമാണ് മേൽപ്രകാരം നഷ്ടം ഉണ്ടായിട്ടുള്ളത്. ആകയാൽ ടി നഷ്ടതുകയ്ക്ക് (2,41,222/-) റീടെണ്ടർ നടത്താനുള്ള തീരുമാനമെടുത്ത 06-10-2017 ലെ ജനറൽ കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തവർക്കും, റീടെണ്ടറിൽ തന്നെ കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ നിരക്കിൽ വാങ്ങൽ നടത്താൻ തീരുമാനം കൈക്കൊണ്ട 13-11-2017ലെ ജനറൽ കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തവർക്കും , ഭരണസമിതിയുടെ ക്രമപ്രകാരമല്ലാത്ത തീരുമാനത്തിനുമേൽ വസ്തുതകൾ ചൂണ്ടിക്കാട്ടി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടംഒഴിവാക്കാൻ ടെണ്ടർ ക്ഷണിച്ച സെക്രട്ടറി യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലാത്ത സാഹചര്യത്തിൽ സെക്രട്ടറിയ്ക്കും തുല്യബാധ്യത ഉണ്ടായിരിക്കുന്നതാണ്. മേൽ പ്രകാരമുണ്ടായ നഷ്ടം ഈടാക്കി അതാത് ഫണ്ടിൽ തിരിച്ചടയ്ക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വികസന പ്രക്രിയകളുടെ ഭാഗമായി നടത്തുന്ന വാങ്ങലുകൾ സുതാര്യവും ക്രമപ്രകാരവുമാണെന്ന് ബന്ധപ്പെട്ട

പ്രൊക്യൂവർമെന്റ് കമ്മറ്റി, പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ പഞ്ചായത്തിന്റെ ധനവിനിയോഗം പരിശോധിച്ച് സുതാര്യത ഉറപ്പാക്കാൻ ചുമതലപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.3/26-7-2018)

നിരാകരിച്ച തുക – 2,41,222/-രൂപ

## 3-2 വ്യാജസാക്ഷ്യപ്പെടുത്തൽ നടത്തി ഇല്ലാത്ത എൽ.ഇ.ഡി ലാമ്പുകൾക്കും വില നൽകി - ഓഡിറ്റിൽ കണ്ടെത്തിയപ്പോൾ തിരിച്ചടച്ചു.

- തിരിച്ചടച്ചത് – 40,000/-രൂപ
- ഇതരസാമഗ്രികൾക്കുള്ള ചെലവും, സൂപ്പർവിഷൻ ചാർജ്ജും തിരിച്ചടയ്ക്കാൻ ബാക്കി.
- പാനൽ എഞ്ചിനീയർമാരും, സെക്രട്ടറിയും ഉത്തവാദികൾ

ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്ന എഴുകോൺ ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള ആറ് എൽ.ഇ.ഡി ബൾബുകളുള്ള ഹൈമാസ്റ്റ് ലൈറ്റിന്റെ മെയിന്റനൻസ് പ്രവൃത്തി നടത്തിയതിന് പത്ത് ബൾബുകൾക്കാണ് തുക ചെലവഴിച്ചിരിക്കുന്നത് .

എഴുകോൺ ഹൈമാസ്റ്റ് ലാമ്പിന് എൽ.ഇ.ഡി ബൾബ് മാറ്റി പുതിയത് ഇടുന്നതിനും മെയിന്റനൻസ് പ്രവൃത്തി ചെയ്യുന്നതിനുമായി പ്രോജക്ട് നം-129/18 പ്രകാരം 1,25,000/-രൂപ തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 18,000/-രൂപ നിരക്കിൽ 5 എണ്ണം എൽ.ഇ.ഡി ലൈറ്റുകൾക്ക് 90,000/-രൂപയും ലേബർ ചാർജ്ജ്, കേബിൾ മാറ്റൽ, പാനൽ ബോർഡ് റീവയറിംഗ്, ഫ്യൂസ്, ടൈമർ, ഐസൊലേറ്റർ എന്നിവ പരിശോധിക്കലും മാറ്റി സ്ഥാപിക്കലും എന്നീ പ്രവൃത്തികൾക്ക് 35,000/-രൂപയുമാണ് പദ്ധതി പ്രകാരം തുക വകയിരുത്തിയിരുന്നത്.

പഞ്ചായത്ത് നൽകിയ ടെണ്ടർ ഷെഡ്യൂളിൽ എല്ലാ ലൈറ്റുകളും മാറ്റി സ്ഥാപിക്കൽ എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. 166/EE/Electrical/17-18 /06-08-2017 നമ്പറായി ടെക്നിക്കൽ അനുമതി ലഭിച്ചിട്ടുള്ള പദ്ധതിക്ക് എസ്റ്റിമേറ്റ് പ്രകാരം ഒന്നാമത്തെ ഇനമായ ലൈറ്റുകൾ മാറ്റുന്നതിന്

1,00,00/-രൂപ ക്രമത്തിൽ 10 ലൈറ്റുകൾക്ക് 1,00,000/-രൂപയും അഞ്ചാമത്തെ ഇനമായ "supply, laying and clamping of 1 no PVC insulated and PVC sheathered armoured power cable ,1.1KV grade of 3 core 2.5 sq.mm sizes and giving connection etc required"-ന് മീറ്ററിന് 210/-രൂപ നിരക്കിൽ 30 മീറ്ററിന് 6,300/-രൂപയും വകയിരുത്തിയിട്ടുണ്ട്.

10 എൽ.ഇ.ഡി ബൾബിന് 10,000/-രൂപ നിരക്കിൽ 1,00,000/-രൂപ പ്രവൃത്തി നടപ്പിലാക്കിയ സ്ഥാപനമായ intelux,Kottarakkara ബിൽ നം- IEC/PRO-18/HM-EZKN/ 03/2017-18/12-01-2018 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നതെങ്കിലും ടി സ്ഥാപനം സമർപ്പിച്ച പൂർത്തീകരണ സാക്ഷ്യപത്രപ്രകാരം 6 എണ്ണം ഹൈമാസ്റ്റ് ലൈറ്റുകൾ മാത്രമാണ് മാറ്റി സ്ഥാപിച്ചിട്ടുള്ളത്. 24-07-2018-ൽ എൽ.എസ്.ജി.ഡി ഓവർസിയർ, പഞ്ചായത്തിലെ പ്ലാൻ സെക്ഷൻ ക്ലർക്ക് എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ എഴുകോൺ ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള മേൽ സൂചിപ്പിച്ച ഹൈമാസ്റ്റ് ലൈറ്റിൽ ആകെ 6 എണ്ണം ലൈറ്റുകൾ മാത്രമാണുള്ളതെന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മാറ്റി സ്ഥാപിച്ചിട്ടില്ലാത്ത നാല് ലൈറ്റുകൾക്ക് 10,000/-രൂപ നിരക്കിൽ ആകെ 40,000/-രൂപ അധികമായി ചെലവഴിച്ചതിനുള്ള വിശദീകരണം ചോദിച്ചതിന്റെ അടിസ്ഥാനത്തിൽ അധികമായി നൽകിയ തുക സ്ഥാപനം പിറ്റേദിവസം തന്നെ തിരികെ ഒടുക്കി(രസീത് നം-118150101682/26.7.18)യതായി സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. നിലവിലില്ലാത്ത 4 ലാമ്പുകൾക്കും അതിന്റെ അനുബന്ധ ചെലവുകൾക്കുമായി ചെലവഴിച്ച തുക നഷ്ടോത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ആകെ 1,25,000/-രൂപ ചെലവഴിച്ചതിൽ 1,00,000/-രൂപ 10 ലാമ്പുകളുടെ വിലയും ബാക്കി തുക അനുബന്ധ ചെലവുകളുടേതുമാണ്. 4 ലാമ്പുകളുടെ വിലയായ 40,000/-രൂപ തിരിച്ചടച്ച സാഹചര്യത്തിൽ അനുബന്ധ ചെലവുകളിൽ നിന്നും 4 ലാമ്പിന് ചെലവായ തുക ആനുപാതികമായി തിരികെ ഈടാക്കേണ്ടതാണ്. ആയതു പ്രകാരം ഇല്ലാത്ത ലാമ്പുകളുടെ അനുബന്ധചെലവുകൾക്കായി നടത്തിയ 10,000/-രൂപ (25000x4/10) ഓഡിറ്റിൽ നിരാകരിക്കുന്നു.

ടി പ്രവൃത്തി ജില്ലാ പഞ്ചായത്തിലെ പാനൽ എഞ്ചിനീയർമാരായ

ശ്രീ.രമണൻ മെഷർ ചെയ്യുകയും ശ്രീ സി.എം.ഷംസുദ്ദീൻ ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എം.ബുക്ക് നമ്പർ 21/17-18 പേജ് നം-4 പ്രകാരം 10 എണ്ണം എൽ.ഇ.ഡി ലൈറ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്ന ശ്രീ.രമണൻ, പാനൽ എഞ്ചിനീയറാണ് സ്ഥലപരിശോധന നടത്തി ആവശ്യകത ബോദ്ധ്യപ്പെടാതെയും തെറ്റായ അളവുകൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തലുകൾ വരുത്തുകയും ചെയ്തതുമൂലമാണ് ഈ അധികചെലവുണ്ടായത്. കൂടാതെ ശരിയായ പരിശോധന കൂടാതെ പേമെന്റ് നൽകിയ സെക്രട്ടറിയുടെ നടപടിയും അംഗീകരിക്കത്തക്കതല്ല. ഈ വിഷയത്തിൽ പാനൽ എഞ്ചിനീയർമാർ, സെക്രട്ടറി എന്നിവരുടെ വിശദീകരണം വാങ്ങുകയും മേൽ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
ചെലവുകളുടെ സാധുത പരിശോധിക്കുന്നതിനും അതുവഴി ധനവിനിയോഗം സുതാര്യമാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഊർജ്ജിതമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 2/25.7.18
നഷ്ടമായ തുക – 10,000/-രൂപ

## **3-3** <u>പച്ചക്കറിത്തൈ വിതരണം -ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് വേണ്ടി പദ്ധതി പണം ചെലവഴിച്ചു</u>

പ്രോജക്റ്റ് നം- S 0115/18

ബിൽ നം:4/17-18/28.10.17-88,000/- രൂപ(വികസന ഫണ്ട് ജനറൽ)

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടത്തിയ പച്ചക്കറി തൈ വിതരണം എന്ന പ്രോജക്ടിൽ ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കായി പദ്ധതി പണം ചെലവഴിച്ചു.

800 ഗുണഭോക്താകൾക്കായി 50 തൈ വീതം നൽകാനാണ് പ്രൊജക്റ്റ് വെച്ചിട്ടുള്ളത്. ആയതനുസരിച്ച് 40,000 തൈകൾ സ്റ്റേറ്റ് സീഡ് ഫാമിൽ നിന്നും തൈ ഒന്നിന് 2.2 രൂപ പ്രകാരം (ഇൻവോയ്സ് നം 45/17 തീയതി:23.10.17) 88,000/- രൂപയ്ക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

എന്നാൽ ആകെ 546 ഗുണഭോക്താക്കൾ മാത്രമാണ് ഗ്രാമസഭ ലിസ്റ്റിൽ ഉൾപെട്ടിട്ടുള്ളത്. കൂടുതൽ ഗുണഭോക്താക്കളെ എങ്ങനെ കണ്ടെത്തി എന്നത് വ്യക്തമല്ല. ഗ്രാമസഭ ലിസ്റ്റിൽ ഉള്ളവരേക്കാൾ കൂടുതൽ പേർക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും അധിക ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭിക്കും എന്ന ഉറപ്പിന്മേലാണ് ഇൻഡന്റ് നൽകിയ തെന്നാണ് നിർവ്വഹണഉദ്യോഗസ്ഥ നൽകിയ മറുപടി. അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത 254 ഗുണഭോക്താക്കൾക്ക് നൽകിയ ആനുകൂല്യത്തിന് ചെലവഴിച്ച തുക, 27,940/- (254x50x2.2) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ജനങ്ങളുടെ ആവശ്യകത മനസ്സിലാക്കി പ്രോജക്ടുകൾ രൂപകല്പന ചെയ്യാനും ഗുണഭോക്താക്കളുടെ എണ്ണത്തിനാനുപാതികമായി വകയിരുത്തലുകൾ വരുത്താനും കാർഷികമേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് , ബന്ധപ്പെട്ട വികസനസ്റ്റാന്റിംഗ് കമ്മറ്റി ഇവരുടെ പ്രവർത്തനം സഹായകരമാകേണ്ടതും അതുവഴി ഗുണഭോക്താക്കളുടെ അഭാവംമൂലം അനർഹർക്കായി പദ്ധതിപ്പണം നിർവഹണ ഉദ്യോഗസ്ഥൻ യഥേഷ്ടം ചെലവഴിക്കുന്ന രീതി ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക -27,490/-രൂപ

*ഓഡിറ്റ് എൻക്വയറി നം.6/27.07.2018*

## 3-4 ഗുണഭോക്തൃലിസ്റ്റിൽ ഉള്ളവർക്ക് നൽകേണ്ടതിനേക്കാൾ കൂടുതൽ കശുമാവിൻ തൈകൾ വാങ്ങാൻ തുക നൽകി

പ്രോജക്റ്റ് നം – S0125/18

ബിൽ നം:3/17-18/28.10.17-33,000/- രൂപ(വികസന ഫണ്ട് ജനറൽ)

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നിർവ്വഹണം നടത്തിയ കശുമാവ് കൃഷി എന്ന പ്രോജക്ടിൽ ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കായി കശുമാവ് തൈ വാങ്ങാൻ പദ്ധതി പണം

ചെലവഴിച്ചു.

1,000 ഗുണഭോക്താകൾക്കായി 1,000 കശുമാവ് തൈ നൽകാനാണ് പ്രൊജക്റ്റ് വെച്ചിട്ടുള്ളത്. ആയതനുസരിച്ച് 1,000 തൈകൾ തൈ ഒന്നിന് 30/- രൂപ പ്രകാരം (ഇൻവോയ്സ് നം 03/17 തീയതി:23.10.17-) 30,000/- രൂപ സ്റ്റേറ്റ് സീഡ് ഫാമിന് നൽകി. എന്നാൽ ആകെ 138 ഗുണഭോക്താക്കൾ മാത്രമാണ് ഗ്രാമസഭ ലിസ്റ്റിൽ ഉൾപെട്ടിട്ടുള്ളത്. അപേക്ഷ രജിസ്റ്റർ പ്രകാരം ആകെ 64 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. കശുമാവിൻ തൈകൾ ഇതുവരെ ലഭ്യമായിട്ടില്ല. ഗ്രാമസഭ ലിസ്റ്റിൽ ഉള്ളവരേക്കാൾ കൂടുതൽ പേർക്ക് ആനുകൂല്യം നൽകാനായി തുക ചെലവഴിച്ചതും, കശുമാവിൻ തൈകൾ ഇതുവരെ ലഭ്യമായിട്ടില്ലാത്തതും സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/27.07.18 ) ഗുണഭോക്താക്കളുടെ എണ്ണം കുറവായതിനാൽ സ്ഥലവിസ്തൃതിയ്ക്കു അനുസൃതമായി തൈകൾ വിതരണം ചെയ്യും എന്നും കശുമാവിൻ തൈകൾ ഓഗസ്റ്റ് മാസത്തോടുകൂടി ലഭ്യമാകും എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ആവശ്യകത മനസ്സിലാക്കാതെ പ്രോജക്ട് വകയിരുത്തലുകൾ നടത്തിയതുമൂലം പദ്ധതിയുടെ ആനുകൂല്യം അനർഹരായവർക്ക് നൽകി പദ്ധതി പണം ദുരുപയോഗം ചെയ്യുന്ന ഈ നടപടി ആസൂത്രണ പ്രക്രിയയുടെ ലക്ഷ്യത്തിന് വിരുദ്ധമാണ്. ജനങ്ങളുടെ ആവശ്യകത മനസിലാക്കി പ്രോജക്ട് രൂപീകരണവും വകയിരുത്തലും വരുത്തുന്നതിൽ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പ്, വികസന സ്റ്റാന്റിംഗ് കമ്മറ്റി ഇവരുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല. മേൽ സാഹചര്യത്തിൽ ആകെ ചെലവഴിച്ച 30,000/- രൂപയിൽ 64 ഗുണഭോക്താക്കൾക്ക് ചെലവഴിച്ച 1,920/-രൂപയുടെ (64x30) വിനിയോഗം തടസ്സപ്പെടുത്തുന്നു. ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം എത്തിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അധികം ഒടുക്കിയ 28,080/-രൂപ (30,000-1,920) സ്റ്റേറ്റ്സീഡ്ഫാമിൽ നിന്നും തിരികെ വാങ്ങി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രമില്ല - ചെലവ് തടസ്സപ്പെട്ടുത്തുന്നു

സെക്രട്ടറി,അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ താഴെപ്പറയുന്ന വിവിധ പദ്ധതികൾക്കായി മറ്റ് ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് വിവരം | തുക/ഫണ്ടിനം | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| സെക്രട്ടറി | 243/18<br>വട്ടവിള മുതൽ മജിസ്ട്രേറ്റ് മുക്ക് വരെ പൈപ്പ് ലൈൻ നീട്ടൽ | 75000/-<br>തനത് ഫണ്ട് | കേരള വാട്ടർ അതോറിട്ടി |
| | 79/18<br>വാട്ടർ അതോറിട്ടി വഴി സ്ട്രീറ്റ് ടാപ്പ് സ്ഥാപിക്കൽ | 178947/-<br>പതിമ്മൂന്നാം ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | കേരള വാട്ടർ അതോറിട്ടി |
| | 132/18<br>കെ,എസ്,ഇ,ബി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 48369/-<br>തനത് ഫണ്ട് | കെ.എസ്.ഇ.ബി<br>എഴുകോൺ |
| അസിസ്റ്റന്റ് സെക്രട്ടറി | 145/18<br>സ്ട്രീറ്റ് ലൈൻ വലിക്കൽ | 35597/-ബിൽ ന-11/18 /22-01-18<br>462879/- ബിൽ നം 12/17-18/27-01-18 | കെ.എസ്.ഇ.ബി<br>എഴുകോൺ |
| | | ആകെ-800792/- | |

പ്രോജക്ട് നം-211/18, ഈരാടൻ മുക്ക് കുളങ്ങുമല -ടി.കെ.എം പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതിക്കായി പതിമ്മൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 511000/-രൂപയും (ബിൽ നം-2/ 8/25-07-18), പ്രോജക്ട് നം-241/18 എം.എൻ ജംഗ്ഷൻ ഇടയ്ക്കോട് പൈപ്പ് ലൈൻ മെയിന്റനൻസിനായി വികസനഫണ്ട് എസ്.സി.പി-യിൽ നിന്നും ബിൽ നം-1/17-18/25-07-17 പ്രകാരം 100000/-രൂപയും പ്രോജക്ട് നം-242/18, പാറയിൽ മഠത്തിലഴികം ലക്ഷം വീട് മലവിള അറുപറക്കോണം ഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷനായി വികസനഫണ്ട് എസ്.സി.പി-യിൽ നിന്നും 1,10,000/-രൂപ ബിൽ നം-3/17-18/25-07-17 പ്രകാരം പിൻവലിച്ച്

വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തിയതിന്റെ പൂർത്തീകരണ വിശദാംശങ്ങൾ എസ്റ്റിമേറ്റിനനുസൃതമായി നൽകിയിട്ടില്ല. മേൽ സൂചിപ്പിച്ച മൂന്ന് പദ്ധതികൾക്കായി ആകെ ഒടുക്ക് വരുത്തിയ 7,21,000/- രൂപയിൽ 6,08,072/-രൂപയുടെ ചെലവ് വന്നിട്ടുണ്ടെന്നും ബാക്കി 1,12,928/-രൂപ അവശേഷിക്കുന്നുണ്ടെന്നും വാട്ടർ അതോറിട്ടിയിൽ നിന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ പൂർത്തീകരിക്കാത്ത പദ്ധതികൾക്കായി ചെലവഴിച്ച 8,00,792/-രൂപയും വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ വിനിയോഗിക്കാൻ അവശേഷിക്കുന്ന 1,12,928/-രൂപയും ഉൾപ്പെടെ ആകെ 9,13,720/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബാക്കി തുക തിരികെ ഈടാക്കുന്നതിനോ അടുത്ത പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിനോ ഉള്ള നടപടികളും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗവിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-6 <u>ഗ്രീൻഹൗസ് കെട്ടിടത്തെ സ്റ്റോർറൂം ആക്കി മാറ്റി</u>

കൃഷിഭവനിലേക്കുള്ള തൈകൾ സൂക്ഷിക്കുന്നതിനായി പണികഴിപ്പിച്ചിരുന്ന ഗ്രീൻഹൗസ് കെട്ടിടത്തിന്റെ ഗ്രില്ലും , മെഷും തുരുമ്പെടുത്ത് നശിച്ച അവസ്ഥയിൽ ആയതിനാൽ കെട്ടിടത്തിന്റെ തറ കോൺക്രീറ്റ് , ട്രസ് വർക്ക് എന്നീ അറ്റകുറ്റപണികൾ (സ്പിൽ ഓവർ പ്രോജക്ട്- S001/18 )ആയി ചെയ്ത പ്രവർത്തിയിൽ (ബെനിഫിഷ്യറി കമ്മറ്റി മുഖേന നടത്തിയ പ്രവർത്തി) വികസന ഫണ്ട് ഇനത്തിൽ 73500/-രൂപയും (ബിൽനം.29/24.07.18), മെയിന്റൻസ് ഫണ്ട് റോഡിതരം ഇനത്തിൽ 9,124/-രൂപ (ബിൽനം.5/24.07.18) യുമാണ് ചെലവഴിച്ചിരിക്കുന്നത്. കാർഷിക വികസന അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കൃഷിഓഫിസിന് കൈമാറി കിട്ടിയ പ്രസ്തുത കെട്ടിടത്തെ അതിന്റെ ഉദ്ദേശ്യ ലക്ഷ്യത്തെ തന്നെ മാറ്റിമറിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. സൂര്യപ്രകാശം പതിക്കുന്ന തരത്തിലുള്ള മേൽ ക്കൂരയായ പോളി കാർബനേറ്റ് ഷീറ്റുകൾക്കു പകരം സ്റ്റാഫോർഡ് ഷീറ്റുകൾ ഉപയോഗിച്ച് ക്കൂര നിർമ്മിച്ചതിനാൽ കാർഷികവിളകളുടെ തൈകൾ സംരക്ഷിക്കുക എന്ന ലക്ഷ്യം നിറവേറ്റാതെ കേവലം സ്റ്റോർ റൂമാക്കി മാറ്റുകയാണുണ്ടായത്. വിശദീകരണം ആരാഞ്ഞതിൽ (നം.1/26.7.18) കൃഷി

ഓഫീസർ നടപ്പിലാക്കുന്ന വിവിധ പ്രോജെക്ടുകൾ ബന്ധപെട്ടു വിതരണം ചെയ്യാനുള്ള ചെടികളും, വിത്തുകളും വളങ്ങളും അനുബന്ധ ഉപകരണങ്ങളും മറ്റും താത്കാലികമായി സൂക്ഷിച്ചു വെക്കുന്നതിനു ഉപയോഗപ്രദമായ രീതിയിൽ മെയിന്റെനൻസ് നടത്തണമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമാണ് എസ്റ്റിമേറ്റ് തയാറാക്കിയെന്നാണ് നിർവഹണ ഉദ്യോഗസ്ഥ നൽകിയ മറുപടി. ആസൂത്രണത്തിന്റെ അഭാവത്തിൽ പണം പാഴാക്കിക്കളയുന്നതിന് ഉദാഹരണമാണ് ഇത്.

## 3-7 <u>കറ്റകെട്ടിൽ കുന്നുവിള ഗുരുദേവ റോഡ് കോൺക്രീറ്റിംഗ്-റീ കോൺക്രീറ്റിംഗ് , സൈഡ്കെട്ട്-അപാകതകൾ</u>

പ്രോജക്ട് നം- 132/17

വികസനഫണ്ട്-3,19,650 /-രൂപ;

മെയിന്റനൻസ് ഫണ്ട്(റോഡ്) 341/-രൂപ;

തനത്ഫണ്ട്-1,00,000/-രൂപ

സാങ്കേതികാനുമതി-92204/AEE/LSGD/KTR/27.3.17-4,19,991/-രൂപ

Ag.No-78/AE/LSGD/EGP/16-17/31.3.17

കൺവീനർ ശ്രീ .കൊച്ചുകുഞ്ഞ്

പ്രവൃത്തിമൂല്യം-4,19,287/-
(ബിൽ നം-19/17-18/20.7.17—319650/-,28/17-18/24.7.17—341/-,Own Fund- 99296/-)

എം.ബുക്ക് നം- 26/17-18

പ്രവൃത്തിയുടെ അപ്പെന്റിക്സ് A പ്രകാരം 48 മീറ്റർ റോഡ്കോൺക്രീറ്റും 145 മീറ്റർ നീളത്തിൽ റോഡ് റീകോൺക്രീറ്റും, അപ്പെന്റിക്സ് B 1,2,3 ഇനങ്ങൾ പ്രകാരം15 മീറ്റർ നീളത്തിൽ പ്രൊട്ടക്ഷൻ വാൾ നിർമ്മാണവുമാണുദ്ദേശിച്ചിരുന്നത്. എന്നാൽ 13.05 മീറ്റർ നീളത്തിൽ പ്രൊട്ടക്ഷൻ വാളും 2.45 മീറ്റർ നീളത്തിൽ റാമ്പും നിർമ്മിച്ചതായാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എൽ.എസ്.ജി.ഡി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ

കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ്ഥലപരിശോധന നടത്തിയതിൽ എസ്റ്റിമേറ്റിൽ പ്രതിപാദിക്കാത്ത ഇനമായ റാമ്പ് നിർമ്മാണം നടത്തിയിട്ടുണ്ട്. ഇതിനായി 3,478.77/- രൂപ ചെലവ് വന്നു.

| ഇനവിവരം | ചെയ്ത അളവ് | നിരക്ക് | ചെലവായ തുക |
|---|---|---|---|
| മണ്ണ് കുഴിച്ചെടുക്കൽ പ്രവൃത്തി | .60 | 217.34 | 130.4 |
| DR മേഷനറി | 1.08 | 2606.20 | 2814.696 |
| സിമന്റ് കോൺക്രീററിംഗ്, 1.3.6 | .08 | 6670.98 | 533.678 |
| | | | 3478.77/-രൂപ |

ഇപ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനം പ്രവൃത്തി നിർവ്വഹിച്ചത് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെയാണ്. ഇതിനു തൃപ്തികരമായ വിശദീകരണം നല്കേണ്ടതാണ്.

2) എം ബുക്ക് പ്രകാരം 13.05 മീറ്റർനീളത്തിൽ സൈഡ് കെട്ടാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ 11.8 മീറ്റർ നീളത്തിൽ മാത്രമാണ് സൈഡ്കെട്ടി നടത്തിക്കാണുന്നത്. ഈ ഇനത്തിൽ 2,553.62/-രൂപ അധികം കൈപ്പറ്റി.

| ക്രമ നം. | ഇന വിവരം | എം ബുക്കിൽ ചെയ്തതായി രേഖപ്പെടുത്തിയ പ്രവൃത്തി | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|---|---|
| AppeneixB 1 | മണ്ണ് കുഴി ച്ചെടുക്കൽ | 13.05x (0.70 +0.60)/ 2x.30 =2.54m$^3$ | 11.8x (0.70 +0.60)/ 2X.30 =2.30 | 0.24 X 217.34 =52.16 |
| 2 | DR മേഷനറി Foundation | 13.05x (0.70 +0.60)/ 2x.30 =2.54m$^3$ | 11.8x (0.70 +0.60)/ 2X.30 =2.30 | 0.24 X2606.20 = 625.49 |

| | | | | |
|---|---|---|---|---|
| 3 | Super structure | 13.05x {(0.60 +0.50)/ 2+0.50}/ 2x(1.2+1)/ 2=7.53$m^3$ | 11.8x {(0.60 +0.50)/ 2+0.50}/ 2x(1.2+1) /2= 6.8145$m^3$ | .72 x2606.20 =1876.46 |
| | | | | 2554.11 |

ഓഡിറ്റിൽ നിർദ്ദേശിച്ചതനുസരിച്ച് നഷ്ടത്തുകയായ 2,554/-രൂപ തനത് ഫണ്ടിൽ ഒടുക്കുവരുത്തി രസീത് ലഭ്യമാക്കി. ആയത് കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. (രസീത് നം. 118150101715/27.7.18)

<u>ഓഡിറ്റ് എൻക്വയറി നം. 4/26.7.2018</u>

## 3-8 തുക ഒടുക്കിയിട്ടും മരുന്ന് ലഭിക്കാത്തത് തുടർക്കഥ

ആയുർവേദമെഡിക്കൽ ഓഫീസർ, മെഡിക്കൽ ഓഫീസർ പ്രാഥമികാരോഗ്യകേന്ദ്രം എഴുകോൺ, സെക്രട്ടറി എന്നിവർ വിവിധ പ്രോജക്ടുകൾക്കായി മരുന്നുവാങ്ങലിനും ഉപകരണങ്ങൾ വാങ്ങുന്നതിനും വിവിധ ഏജൻസികളിൽ തുക ഒടുക്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗ സ്ഥന്റെ വിവരം | പ്രോജക്ടിന്റെ വിവരങ്ങൾ | ഒടുക്കിയ തുക രൂപ | ലഭ്യമാക്കിയ മരുന്നുകൾ | ലഭ്യമാക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ മൂല്യം |
|---|---|---|---|---|
| ആയുർവേദ മെഡിക്കൽ ഓഫീസർ | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (ഔഷധി) | 346000/ -ബിൽ നം- 1/31.10.2018<br>54000/-ബിൽ നം-2/31.10.2018 | 3,74,786 | 25,214 |
| സെക്രട്ടറി | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ | 1,00,000/- (ഹോംകോ) | ഇല്ല | 1,00,000/- |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ പ്രാഥമികാ രോഗ്യകേന്ദ്രം എഴുകോൺ | പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ | ബിൽ നം. 3/17-18 തീയതി 14.12.17 (കെ.എം. എസ്.സി.എൽ) തുക.2,00,000/- | 68,228/- | 1,31,772/- |
| | പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ | ബിൽ നം. 8/17-18 / 20.03.18 (കെ.എം. എസ്.സി.എൽ) തുക. 53,800/- | 49,276/- | 4,524/- |
| | ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ | ബിൽ നം. 6/17-18 തീയതി 20.02.18 (കെ.എം. എസ്.സി.എൽ) തുക. 1,25,000/- | ഇല്ല | 1,25,000/- |
| | ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ | ബിൽ നം. 4/17-18 തീയതി 14.12.17 (കെ.എം. എസ്.സി.എൽ) തുക. 1,25,000/- | 1,14,405/- | 10,595/- |
| | ഉപകരണങ്ങൾ, മരുന്ന് | ചെക്ക് നം. 1299335 / 19.03.2018 (കെ.എം. എസ്.സി.എൽ) തുക. 2,00,000/- | ഉപകരണം 82957/- മരുന്ന് 26,940/- | ഉപകരണം 40,843/- മരുന്ന് 49,260/- |
| ആകെ | | | | 4,87,208/- |

മേൽ മൂന്ന് പ്രോജക്ടുകളിലുമായി ലഭ്യമാകാൻ ശേഷിക്കുന്ന 4,87,208/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ചചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി പ്രോജക്ട് പൂർത്തീകരിച്ച വിവരം മറുപടിയിലൂടെ അറിയിക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃവിഹിതം ഉൾപ്പെടെയുള്ള തുക വികസന ഫണ്ടിൽ നിന്നും വകയിരുത്തി പദ്ധതി നടപ്പിലാക്കി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് എന്ന പദ്ധതി പ്രകാരം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഗുണഭോക്തൃവിഹിതം ഈടാക്കാതെ അതിനു തുല്യമായ തുക കൂടി വികസനഫണ്ട് എസ്.സി.പി-യിൽ നിന്നും ചെലവഴിച്ചിരിക്കുന്നു.

പ്രോജക്ട് നം-149/18 എസ്.സി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് എന്ന പദ്ധതി പ്രകാരം 80 കുടുംബങ്ങൾക്ക് 40,00/-രൂപ നിരക്കിലുള്ള വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതിനായി വികസന ഫണ്ട് -എസ്.സി.പി-യിൽ നിന്നും 2,40,000/-രൂപയും ഗുണഭോക്തൃവിഹിതമായ 80,000/-രൂപയും ഉൾപ്പെടെ ആകെ 3,20,000/-രൂപ വകയിരുത്തിയിരുന്നു. വാട്ടർടാങ്കിന്റെ വിലയുടെ 75% പരമാവധി 3,000/-രൂപയാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. പദ്ധതി നടത്തിപ്പിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്കായ 3970/-രൂപ രേഖപ്പെടുത്തിയ കൃഷ്ണാ ഏജൻസീസ്, എഴുകോൺ എന്ന സ്ഥാപനത്തെ വാട്ടർ ടാങ്ക് വിതരണത്തിനായി തെരെഞ്ഞെടുത്തിട്ടുണ്ട്. കൃഷ്ണാ ഏജൻസീസ് നൽകിയ ബിൽ പ്രകാരം (ഇൻവോയ്സ് നം-B267/28-03-2018)52 ഗുണഭോക്താക്കായി 2,06,440/-രൂപ (ബിൽ നം-16/17-18/ 31-01-2018) വികസനഫണ്ടിൽ നിന്നും പിൻവലിച്ച് വാട്ടർ ടാങ്കുകൾ വാങ്ങി നൽകിയിട്ടുണ്ട്. ഒരു വാട്ടർടാങ്കിന്റെ വിലയായ 3,970/-രൂപയുടെ 75% തുകയായ 2,977.5/- അനുസരിച്ച് ആകെ 1,54,830/-രൂപ മാത്രമാണ് വികസനഫണ്ടിൽ നിന്നും പിൻവലിച്ച് നൽകേണ്ടത്. എന്നാൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടെയുള്ള തുക വികസനഫണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചിരിക്കുന്നു. ഗുണഭോക്താക്കളിൽ നിന്നും വിഹിതം ഈടാക്കിയിരിക്കുന്നത് 31-03-2018 മുതലുള്ള കാലയളവിലാണ്.

സഞ്ചിതനിധിയിൽ നിന്നും നിലവിൽ വികസനഫണ്ട് അടക്കമുള്ള തുക അനുവദിക്കുന്ന സാഹചര്യത്തിൽ ലഭ്യമാകുന്ന തുകകൾ അതാത് സാമ്പത്തിക വർഷത്തിൽ തന്നെ ചെലവഴിക്കപ്പെട്ടില്ലെങ്കിൽ സ്ഥാപനത്തിന് ആയത് നഷ്ടപ്പെടുകയാണെന്നിരിക്കെ വികസനഫണ്ടിൽ നിന്നും സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള തുകകൾ

മാത്രം ചെലവഴിച്ച് ബാക്കി തുക മറ്റ് വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. വികസനഫണ്ടിൽ നിന്നും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 51,610/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഗുണഭോക്തൃ വിഹിതമിനത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 51,610/-രൂപ തിരികെ സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക ഉത്തവാദിയായ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതിനുള്ള നിയമനടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്. പ്രോജക്ട് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ബന്ധപ്പെട്ട ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ മോണിട്ടറിംഗ് കൂടുതൽ ഫലപ്രദമായുണ്ടാകേണ്ടതാണ്. യഥാസമയം ഗുണഭോക്തൃവിഹിതം അടവാക്കാതിരുന്നത് ഉത്തരവാദിത്തപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/30.7.2018ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം- അർഹതപ്പെട്ട ആനുകൂല്യം നൽകിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം (143/18) എന്ന പദ്ധതിക്കായി വികസനഫണ്ട് എസ്.സി.പി-യിൽ നിന്നും 8,25,000/-രൂപ വകയിരുത്തിയിരുന്നത് അർഹതപ്പെട്ട ഗുണഭോക്താക്കൾ ഉണ്ടായിരുന്നിട്ടും നൽകിയില്ല.

11 ഗുണഭോക്താക്കൾക്ക് 75,000/-രൂപ നിരക്കിൽ ആകെ 8,25,000/-രൂപ വകയിരുത്തിയിരുന്ന പദ്ധതിക്ക് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിരിക്കുന്നു.

| ക്രമ നം. | ബിൽ നം- തീയതി- തുക | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | അർഹതപ്പെട്ട തുക | ലഭിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 8/17-18/<br>15-12-2017-<br>325000/- | ഭാർഗ്ഗവി.ആർ<br>ആക്കക്കുന്നിൽ-തടത്തിൽ വീട്<br>ചിറ്റാക്കോട് | 50000 | 75000 | 25000 |
| 2 | | ഉഷ.സി<br>നിഷാഭവനം<br>ഇരുമ്പനങ്ങാട് | 50000 | 75000 | 25000 |
| 3 | | ലക്ഷ്മി.കെ<br>വലിയവിളവീട്<br>തൃപ്പലഴികം | 75000 | 75000 | 0 |
| 4 | | സുഷമ<br>പ്രതീക്ഷാ ഭവനം<br>പ്ലാക്കാട് | 50000 | 75000 | 25000 |
| 5 | | ലക്ഷികുട്ടി<br>കോമളവിലാസം<br>ഇടയ്ക്കിടം | 50000 | 75000 | 25000 |
| 6 | | ചന്ദ്രിക,ഇലഞ്ഞിക്കോട് വീട്,ഇരുമ്പനങ്ങാട് | 50000 | 75000 | 25000 |
| 7 | 9/17-18/<br>27-01-2018<br>100000/- | ഉഷ.എൻ<br>ഭരണിക്കാവിൽവിള വീട്<br>എഴുകോൺ | 50000 | 75000 | 25000 |
| 8 | | തങ്കമ്മ<br>ചരുവിള വീട്<br>ഇടയ്ക്കിടം | 50000 | 75000 | 25000 |
| 9 | 14/17-18/<br>19-02-2018<br>75000/- | കുട്ടി<br>ചരുവിള വീട്<br>കൊച്ചാഞ്ഞിലിമ്മൂട്<br>എഴുകോൺ | 75000 | 75000 | 0 |

| | | | | | |
|---|---|---|---|---|---|
| 10 | ബിൽനം രേഖപ്പെടുത്തിയിട്ടില്ല/ 11-02-2017 125000/- | ചന്ദ്രമതി<br>വിപിൻ ഭവനം<br>ഇരുമ്പനങ്ങാട്<br>എഴുകോൺ | 75000 | 75000 | 0 |
| | | സുദർശന<br>ഇലഞ്ഞിക്കോട്<br>ഇരുമ്പനങ്ങാട് | 50000 | 75000 | 25000 |

പദ്ധതി പ്രകാരം തുക വകയിരുത്തിയിരുന്നിട്ടും എട്ട് ഗുണഭോക്താക്കൾക്ക് 50,000/-രൂപ മാത്രം അനുവദിച്ച് നൽകിയതെന്തുകൊണ്ടെന്ന് വ്യക്തമല്ല. 2017-18 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാതിരുന്ന ടി തുക നിലവിൽ പഞ്ചായത്തിന് നഷ്ടമായിരിക്കുകയാണ്. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാകുന്നുവോയെന്ന് ഉറപ്പുവരുത്തേണ്ട ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇവർ ഈ വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടില്ല. അർഹതപ്പെട്ട ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നം.8/30.7.18) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഇതിന് വിശദീകരണം വാങ്ങി സെക്രട്ടറിയുടെ കുറിപ്പോട് കൂടി ആദ്യമറുപടിയോടൊപ്പം തന്നെ ലഭ്യമാക്കേണ്ടതാണ്.

## 3-11 വികലാംഗർക്ക് സൈഡ് വീൽ സ്കൂട്ടർ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

വികലാംഗർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ നൽകുന്ന പദ്ധതിയിൽ (പദ്ധതി നം. 91/18) 3,00,000/-രൂപ ബിൽ നം. 1/2017-18 / 25.07.2017 ആയി ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് ഓഡിറ്റ് തീയതി വരെ നടപ്പിലായിട്ടില്ല. ആയതിനാൽ ചെലവുതുക താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു. പ്രോജക്ട് നടപ്പാക്കാൻ സത്വര

നടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാപഞ്ചായത്തിൽ അടച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്. അർഹർക്ക് സ്കൂട്ടർ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-12 മോട്ടോർ മാറ്റി സ്ഥാപിക്കൽ-നടപടി ക്രമപ്രകാരമല്ല

തനത് ഫണ്ടിൽ നിന്നും 47,925/-രൂപ ചെലവഴിച്ച് സെക്രട്ടറി നിർവ്വഹണം നടത്തിയ ലക്ഷം വീട് പോങ്ങാരത്തുണ്ട് എസ്.സി കോളനിയിലെ കുടിവെള്ള പദ്ധതിയിലെ മോട്ടോർ മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി (പ്രോജക്ട് നം.267/18) മോട്ടോർ വാങ്ങിയിരിക്കുന്നത് ക്രമപ്രകാരമല്ല.

സർക്കാർ/ഓട്ടോണോമസ് സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നതിനാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള ടെണ്ടറുകളുടെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.165/EE/DPK/Electrical/2017-18/06-02-18പ്രകാരം ടെക്നിക്കൽ അനുമതി ലഭിച്ച പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം 7.5 HP,3 phase, 3000 RPM section 100mm and delivery 50mm size motor pump set-ന് 35,825/-രൂപയാണ് വകയിരുത്തിയിരുന്നത്.എന്നാൽ ടെണ്ടർ ക്ഷണിച്ചപ്പോൾ എറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദേവി എന്റ്രപ്രൈസസ്, ചീരങ്കാവിന് 7.5 HP മോണോബ്ലോക്ക് പമ്പിന് 43,200/-രൂപയാണ് നൽകിയത്. ഏത് കമ്പനിയുടെ മോട്ടോറാണ് വിതരണം നടത്തിയിരിക്കുന്നതെന്ന് ബില്ലിൽ വ്യക്തമല്ല. 24-07-2018ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ crompton creve NH7.52 7.5 HP Monoblock മോട്ടോർ പമ്പ് സ്ഥാപിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. ടി സ്പെസിഫിക്കേഷനിലുള്ള പമ്പിന് മാർക്കറ്റ് നിരക്ക് 30,500/-രൂപയാണ്. ടെണ്ടർ നടപടികൾ നടത്തുമ്പോൾ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന ആളുമായി മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ നോഗോഷ്യേറ്റ് നടത്തി വാങ്ങൽ നടത്തേണ്ടതായിരുന്നു.

2 ഹോസ്പൈപ്പ് മാറ്റിയതിന് 1,449/-രൂപ ദേവി എന്റർപ്രൈസസിന്റെ

14-03-2018ലെ 96-ാം നമ്പർ ബിൽ പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രാദേശിക പരിശോധനയിൽ ഹോസ്പൈപ്പ് സ്ഥാപിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടില്ല.

ആകെ ചെലവായ 47,925/-രൂപയിൽ 46,985/-രൂപ (ചെക്ക്നമ്പർ 579250/23-03-2018) ദേവി എന്റർപ്രൈസസ് എന്ന സ്ഥാപനത്തിനും ബാക്കിയുള്ള 940/-രൂപ കെട്ടിടനിർമ്മാണ ക്ഷേമനിധി വിഹിതം,ആദായ നികുതി എന്നിവയ്ക്കായി ഒടുക്കിയിരിക്കുന്നു. കരാറുകാരനിൽ നിന്നും നികുതികൾ ഈടാക്കുന്നതിനു പകരം പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും തുക ഒടുക്ക് വരുത്തിയ നടപടി അംഗീകരിക്കത്തക്കതല്ല. കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 9/30.7.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 52,250 | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്(91/18) | 52,250 | 0 |
| | 2017-18 | 1,00,000 | അംഗൻവാടി ന്യൂട്രീഷൻ (108/18) | 1,00,000 | 0 |
| | 2017-18 | 42,500 | അംഗൻവാടി ന്യൂട്രീഷൻ (108/18) | 42,500 | 0 |
| | 2017-18 | 2,00,000 | പാലിന് | 2,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി (108/18) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 21,250 | നെൽകൃഷി വികസനം (113/18) | 21,250 | 0 |
| | 2017-18 | 3,00,000 | നെൽകൃഷി വികസനം (113/18) | 3,00,000 | 0 |
| | 2017-18 | 52,250 | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 52,250 | 0 |
| | 2017-18 | 2,00,000 | പാലിയേറ്റീവ് കെയർ | 2,00,000 | 0 |
| | 2017-18 | 2,47,200 | പാലിയേറ്റീവ് കെയർ | 0 | 2,47,200 |
| | 2017-18 | 2,00,000 | പാലിയേറ്റീവ് കെയർ | 2,00,000 | 0 |
| | 2017-18 | 24,316 | ചിറ്റാക്കോട് കണ്ണംകര – പ്ലാച്ചേരിൽ റോഡ് കോൺക്രീറ്റിംഗ് (32/18) | 24,316 | 0 |
| | 2017-18 | 21,250 | ചിറ്റാക്കോട് കണ്ണംകര – പ്ലാച്ചേരിൽ റോഡ് കോൺക്രീറ്റിംഗ് (32/18) | 21,250 | 0 |
| | 2017-18 | 2,64,835 | ചിറ്റാക്കോട് കണ്ണംകര – പ്ലാച്ചേരിൽ റോഡ് കോൺക്രീറ്റിംഗ് (32/18) | 2,64,835 | 0 |
| | 2017-18 | 1,99,357 | കോയിക്കൽ | 1,99,357 | 0 |

| | | | | | |
|---|---|---|---|---|---|
| | | | മൂഴിയിൽ റോഡ് (57/18) | | |
| | 2017-18 | 3,00,000 | പാലിന് സബ്സിഡി (108/18) | 3,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാവാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 702157/ 31.10.17 | 75000 | 0 | 75000 |
| | ഗ്യാപ്പ് ക്ലോസിംഗ് വർക്ക് | 701812/ 01.03.18 | 10216 | 0 | 10216 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഇലഞ്ഞിക്കൽ ജംഗ്ഷനിലെ കുഴൽ കിണറിന്റെ കംപ്രസ്സർ ഇൻസ്റ്റാലേഷൻ | --- | 270000 | 0 | 270000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 24,527/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ലഭിച്ച തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1991-92 | 25 | 15000 | കോശി ഉമ്മൻ, സെക്രട്ടറി | 117150101273 തീയതി 14.07.18 |
| 1991-92 | 25 | 7900 | കോശി ഉമ്മൻ, സെക്രട്ടറി | 117150101305 തീയതി 18.07.17 |
| 1991-92 | 25 | 35 | കോശി ഉമ്മൻ, സെക്രട്ടറി | 117150104853 തീയതി 21.03.18 |
| 1991-92 | 27 | 25 | സെക്രട്ടറി, എഴുകോൺ | 117150104854 തീയതി 21.03.18 |
| 1991-92 | 29 എ | 105 | സെക്രട്ടറി, എഴുകോൺ | 117150104855 തീയതി 21.03.18 |
| 1991-92 | 29 ബി | 35 | സെക്രട്ടറി, എഴുകോൺ | 117150104856 തീയതി 21.03.18 |
| 1994-95 | 11 ബി | 130 | സെക്രട്ടറി, | 117150104853 |

| | | | | |
|---|---|---|---|---|
| | | | എഴുകോൺ | തീയതി 21.03.18 |
| 1992-93, 1993-94 | 27 | 1297 | വിജയൻ, സെക്രട്ടറി | 117150104859 തീയതി 21.03.18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 35 | 2004-05 | 2.1.2.(1) | കുട്ടകൃഷിക്ക് ട്രാക്ടർ വാങ്ങിയത് കർഷകർക്ക് പ്രയോജനപ്പെട്ടില്ല | |
| 1997-98 | 51 | 2004-05 | 2.1.2.(2) | നിയമവിരുദ്ധമായി മുൻകൂർ നൽകിയ റോഡ് പുനരുദ്ധാരണ വേല പൂർത്തിയാക്കിയായില്ല. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 1997-98 | 54 | 2004-05 | 2.1.2.(3) | അനാവശ്യമായി ടെലിവിഷൻ സെറ്റുകൾ വാങ്ങി പദ്ധതി പണം നഷ്ടപ്പെടുത്തി | |
| 2007-08 | 3(3) | 2004-05 | 5.4.3.(1) | ലക്ഷം വീട് ഒറ്റവീടാക്കൽ പദ്ധതി മാർഗ്ഗരേഖ ലംഘിച്ച് ചെലവ്. | |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,27,34,338 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,04,65,041 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3,02,840 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9,43,580 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 14,190 | ശ്രീമതി. ജിജിമോൾ അലക്സ്, സെക്രട്ടറി |
| | | 14,190 | ശ്രീമതി. അംബികാ സുരേന്ദ്രൻ, പ്രസിഡന്റ് |
| | | 14,190 | ശ്രീ.സതീശൻ.ആർ, വൈസ് പ്രസിഡന്റ് |
| | | 14,190 | ശ്രീമതി.ഗീതാംബിക രാജൻ, മെമ്പർ |
| | | 14,190 | ശ്രീമതി.രജി പണിക്കർ, ക്ഷേമകാര്യ സ്റ്റാൻഡിംഗ കമ്മിറ്റി ചെയർമാൻ |
| | | 14,190 | ശ്രീമതി.ഗീതാഭായി അമ്മ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| | | 14,190 | ശ്രീമതി.ശ്രീലത.കെ, മെമ്പർ |
| | | 14,190 | ശ്രീമതി.രേഖ ഉല്ലാസ്, മെമ്പർ |

| | | | |
|---|---|---|---|
| | | 14,190 | ശ്രീമതി.സുജ. എസ്, ആരോഗ്യ വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| | | 14,190 | ശ്രീമതി.ഉഷാകുമാരി, മെമ്പർ |
| | | 14,190 | ശ്രീ.പാറക്കടവ് ഷറഫ്, മെമ്പർ |
| | | 14190 | ശ്രീമതി.ശോശാമ്മ രാജൻ, മെമ്പർ |
| | | 14,190 | ശ്രീ.അലക്സ് വർഗ്ഗീസ്, മെമ്പർ |
| | | 14,190 | ശ്രീ.വിജയപ്രകാശ്.ആർ, മെമ്പർ |
| | | 14,190 | ശ്രീ.ആർ.എസ്.രതീഷ് കുമാർ, മെമ്പർ |
| | | 14,190 | ശ്രീ.കനകദാസ്, മെമ്പർ |
| | | 14,190 | ശ്രീ.ബാബു മണിയനക്കുന്നിൽ, മെമ്പർ |
| 3-2 | | 10,000 | ശ്രീമതി.ജിജിമോൾ അലക്സ്, സെക്രട്ടറി |
| 3-9 | | 51,610 | ശ്രീമതി. രാജലക്ഷ്മി പിള്ള, അസി. സെക്രട്ടറി |
| | ആകെ | 3,02,840/-രൂപ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം. | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1. | 3-3 | 27,940 | ശ്രീ.സജി.കെ.വി, കൃഷി ഓഫീസർ |
| 2. | 3-4 | 1,920 | ശ്രീ.സജി.കെ.വി, കൃഷി ഓഫീസർ |
| 3. | 3-5 | 9,13,720 | ശ്രീ.സജി.കെ.വി, കൃഷി ഓഫീസർ |
| | ആകെ | 9,43,580/-രൂപ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1988-89 | കെ.എസ്.എ-കെ.എൽ.എം-പി-6 373/18/23-04-2018 |
| 1989-90& 1990-91 | കെ.എസ്.എ-കെ.എൽ.എം-പി-6 373/18/23-04-2018 |
| 1991-92 | കെ.എസ്.എ-കെ.എൽ.എം-പി-6 373/18/23-04-2018 |
| 1992-93 &1993-94 | കെ.എസ്.എ-കെ.എൽ.എം-പി-6 373/18/23-04-2018 |
| 1995-96 | കെ.എസ്.എ-കെ.എൽ.എം-പി-6 373/18/23-04-2018 |
| 1996-97 | കെ.എസ്.എ-കെ.എൽ.എം-പി-6 373/18/23-04-2018 |
| 1997-98 | കെ.എസ്.എ-കെ.എൽ.എം-പി-6 373/18/23-04-2018 |
| 1998-99-വരവ് | കെ.എസ്.എ-കെ.എൽ.എം-പി-6 373/18/23-04-2018 |
| 1998-99-ചെലവ് | കെ.എസ്.എ-കെ.എൽ.എം-പി-6 373/18/23-04-2018 |
| 1999-00 | കെ.എസ്.എ-കെ.എൽ.എം-പി-6 373/18/23-04-2018 |
| 2000-01 | എൽ.എഫ്.ക്യൂ.പി3-1203/14 13.06.14 |
| 2001-02 | എൽ.എഫ്.ക്യൂ.പി3-1203(2)/14 13.06.14 |
| 2002-03 | എൽ.എഫ്.ക്യൂ.പി3-1203(3)/14 13.06.14 |
| 2003-04 | എൽ.എഫ്.ക്യൂ.പി3-1203(4)/14 13.06.14 |
| 2004-05 | എൽ.എഫ്.ക്യൂ.പി3-1203(5)/14 13.06.14 |
| 2005-06 | എൽ.എഫ്.ക്യൂ.പി3-1203(6)/14 13.06.14 |
| 2006-07 | എൽ.എഫ്.ക്യൂ.പി3-1203(7)/14 13.06.14 |
| 2007-08 | എൽ.എഫ്.ക്യൂ.പി3-1203/14 13.06.14 |
| 2008-09 | എൽ.എഫ്.ക്യൂ.പി3-1203(8)/14 13.06.14 |

| | |
|---|---|
| 2009-10 | എൽ.എഫ്.ക്യൂ.പി3-1203(9)/14 13.06.14 |
| 2010-11 | എൽ.എഫ്.ക്യൂ.പി3-1203(10)/14 13.06.14 |
| 2011-12 | എൽ.എഫ്.ക്യൂ.പി3-1806/13 14.08.13/19.09.13 |
| 2012-13 | എൽ.എഫ്.ക്യൂ.പി3-4/15 12.02.15 |
| 2013-14&<br>2014-15 | കെ.എസ്.എ-കെ.എൽ.എം-പി3/860/2016 08.06.2016 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി3-40/17 14.02.17 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി3-6/1622/17/11.9.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

കെ.എസ്.കെ.എൽ.എം.പി6-1484/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 25/10/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എഴുകോൺ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ എഴുകോൺ ഗ്രാമ പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്